**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2246** **20-01-2021 - ൽ മറുപടിയ്ക്ക്**

**"വിശപ്പുരഹിത കേരളം പദ്ധതി"**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉണ്ണി | | **Shri P. Thilothaman**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | "വിശപ്പുരഹിത കേരളം" പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ; | (എ) | ഈ പദ്ധതിയുടെ കീഴിൽ സുഭിക്ഷ ഉച്ചഭക്ഷണ ശാലകൾ ആവശ്യകതയുള്ള എല്ലാ ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 13-10-2020-ലെ 310/2020 ഭ.പൊ.വി.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ/സഹകരണ സംഘങ്ങൾ തുടങ്ങിയവരുമായി സഹകരിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി സുഭിക്ഷാ ഹോട്ടലുകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. സ്ഥലത്തെ ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പൊതു മാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (ബി) | വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും ചില്ലറ വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ ചേർന്ന് വിലനിലവാരം പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 22 അവശ്യസാധനങ്ങളുടെ പൊതു വിപണിയിലുള്ള വില കേന്ദ്ര പൊതു വിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും ശരാശരി വിലയിൽ നിന്നും കൂടിയ വില ഈടാക്കുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകളും നടത്തി വരുന്നുണ്ട്. കൂടാതെ വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ അവരുടെ വിൽപന ശാലകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങൾ നൽകി വരുന്നുണ്ട്. ഒരു ലിറ്റർ കുപ്പിവെള്ളത്തിന് വില 13/- രൂപയാക്കി |

| | | | |
|---|---|---|---|
| | | | നിജപ്പെടുത്തുകയും കുപ്പിവെള്ളം ലിറ്ററിന് 11/- രൂപ നിരക്കിൽ റേഷൻകട വഴി വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യ കിറ്റുകളുടെ വിതരണം നടത്തിയതിനാൽ അരി, പലവ്യഞ്ജനങ്ങൾ എന്നിവയുടെ പൊതു വിപണിയിലെ വില വർദ്ധനവ് തടയാൻ കഴിഞ്ഞിട്ടുണ്ട്. വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠന വിധേയമാക്കുന്നതിന് രൂപീകരിച്ച പ്രൈസ് മോണിറ്ററിംഗ് സെൽ കാലാകാലങ്ങളിൽ യോഗം ചേരുന്നുണ്ട്. കൂടാതെ പച്ചക്കറി മാർക്കറ്റുകളിലും, ഗോഡൗണുകളിലും, കടകളിലും നടത്തി വരുന്ന പരിശോധനകളും റെയ്ഡുകളും മൂലം കരിഞ്ചന്തയും, പൂഴ്ത്തി വയ്പും, തടയാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ